**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5784** **16-03-2023 - ൽ മറുപടിയ്ക്ക്**

**വിളർച്ചയുള്ള സ്ത്രീകൾക്ക് ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീമതി ദെലീമ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിളർച്ച ബാധിച്ച സ്ത്രീകളുണ്ടെങ്കിൽ അവരെ കണ്ടെത്തി ആവശ്യമായ ചികിത്സ ഉറപ്പാക്കാനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ ഭാഗമായി ജില്ല, സംസ്ഥാനതല സമിതികൾ രൂപീകരിച്ചുകൊണ്ട് പരിശീലന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതുവഴി ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ; | (എ) | **സംസ്ഥാനത്ത് 15 വയസ്സ് മുതൽ 59 വയസ്സുവരെ പ്രായമായ സ്ത്രീകളിൽ വിളർച്ച ബാധിതരെ കണ്ടെത്തി ആവശ്യമായ ചികിത്സ ഉറപ്പാക്കുന്നതിനായി കേരള സർക്കാർ ആവിഷ്കരിച്ച പ്രത്യേക പദ്ധതിയാണ് 'വിവ കേരളം'. തദ്ദേശ സ്വയംഭരണ വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, വനിതാ ശിശുവികസന വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ്, മറ്റ് അനുബന്ധ വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടെയാണ് വിവ ക്യാമ്പയിൻ നടത്തുന്നത്. 2023 ഫെബ്രുവരി 18 ന് ബഹു.കേരള മുഖ്യമന്ത്രി ഈ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി 14.01.2023 തീയതിയിലെ സ.ഉ (സാധാ) നം. 97/2023/ആ.കു.വ /2023 സർക്കാർ ഉത്തരവ് പ്രകാരം ജില്ല, സംസ്ഥാനതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും പരിശീലന പരിപാടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 15 മുതൽ 59 വയസ്സുവരെയുള്ള, കൗമാരക്കാരായ പെൺകുട്ടികളിലും സ്ത്രീകളിലും വിളർച്ച (അനീമിയ) കണ്ടെത്തുകയും ആവശ്യമായവർക്ക് ചികിത്സ ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഇത് വഴി സ്ത്രീകളുടെ ശാരീരികവും ബൗദ്ധികവുമായ ക്ഷമത വർദ്ധിപ്പിച്ച് ആരോഗ്യം മെച്ചപ്പെടുത്തുക ഉറപ്പാക്കുവാനുമാണ് ലക്ഷ്യമിടുന്നത്.** |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും ആയതിനായി സ്കൂൾ ഹെൽത്ത് പ്രോഗ്രാമിന്റെ സഹകരണം ഉറപ്പുവരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) | പദ്ധതിയുടെ ഗുണഭോക്താക്കളായ 15 മുതൽ 59 വയസുവരെയുള്ള, കൗമാരക്കാരായ പെൺകുട്ടികളുടേയും സ്ത്രീകളുടേയും ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചിട്ടുണ്ട്. (15 മുതൽ 18 വയസ് വരെയുള്ളവരുടെ വിവരം ആശാവർക്കർമാർ മുഖേനയും 19 മുതൽ 59 വയസ് വരെയുള്ളവരുടെ |

| | | | |
|---|---|---|---|
| | | | വിവരം വോട്ടർപ്പട്ടിക മുഖേനയും).<br>ആരോഗ്യപ്രവർത്തകർ, ട്രൈബൽ പ്രമോട്ടർമാർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ മറ്റ് ഫീൽഡ് ജീവനക്കാർ എന്നിവർ വഴി ഗോത്രവർഗ്ഗ മേഖലയിലും തീരദേശമേഖലയിലും നഗരചേരി പ്രദേശങ്ങളിലും മറ്റ് പ്രദേശങ്ങളിലുമുള്ള 15 മുതൽ 59 വയസ് വരെയുള്ള പെൺകുട്ടികളെയും സ്ത്രീകളെയും സമീപിച്ച് അവരെ രക്ത പരിശോധനയ്ക്കായി ആരോഗ്യസ്ഥാപനങ്ങളിലും മെഡിക്കൽ ക്യാമ്പുകളിലും എത്തിച്ച് വിളർച്ച പരിശോധന നടത്തുന്നു. വിവ പദ്ധതിയിൽ, സ്കൂളുകളിൽ പഠിക്കുന്ന 15 മുതൽ 18 വയസ് വരെയുള്ള കൗമാരക്കാരായ പെൺ കുട്ടികളുടെ രക്ത പരിശോധന ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പദ്ധതിയിൽ പട്ടിക ഗോത്രവർഗ്ഗ മേഖലയ്ക്ക് പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ടോയെന്നും പദ്ധതിയ്ക്കായി വിവിധ വകുപ്പുകളുടെ പ്രവർത്തനം സംബന്ധിച്ച് മാർഗനിർദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | വിവ പദ്ധതിയുമായി ബന്ധപ്പെട്ട് രൂപീകരിച്ച ആക്ഷൻ പ്ലാനിൽ ട്രൈബൽ മേഖലയ്ക്ക് പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നീ വകുപ്പുകളിലൂടെയും കുടുംബശ്രീ ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്. Testing Programme, testing campaign, awareness campaign, Iron-folic acid tablet വിതരണം എന്നിവ സംഘടിപ്പിക്കുന്നുണ്ട്.<br><br>ആരോഗ്യ പ്രവർത്തകർ വഴി ഗോത്രവർഗ്ഗ മേഖലയിലെ 15 മുതൽ 59 വയസ്സുവരെയുള്ള പെൺകുട്ടികളേയും സ്ത്രീകളേയും സമീപിച്ച് അവരെ രക്ത പരിശോധനയ്ക്കായി ആരോഗ്യ സ്ഥാപനങ്ങളിലും മെഡിക്കൽ ക്യാമ്പുകളിലും എത്തിച്ച് വിളർച്ചാ പരിശോധന നടത്തുകയും അനീമിയ ഉള്ളവർക്ക് ആവശ്യമായ ചികിത്സ നൽകുകയും ചെയ്തുവരുന്നു |

സെക്ഷൻ ഓഫീസർ